സോപ്പുപയോഗിക്കുന്നവരറിയാൻ

കെ.കെ.ആർ.

നാം നിത്യവും ഉപയോഗിക്കുന്ന ഒന്നാണ് സോപ്പ്. ടി.വി. പരസ്യങ്ങളിൽ കാണുന്ന നിറവും മണവുമുള്ള സോപ്പുപയോഗിച്ച് സിനിമാനടികളെപ്പോലെ സുന്ദരികളാകാൻ സ്ത്രീകൾ ആഗ്രഹിക്കുന്നു. വിയർപ്പ് നാറ്റം അകറ്റുന്ന സോപ്പ് തേച്ച് കീടാണുക്കളെ അകറ്റി, ശരീര ദുർഗന്ധമില്ലാതെ വരുന്ന പുരുഷന്മാർ പെൺകുട്ടികളെ ആകർഷിക്കുന്ന ടി.വി. പരസ്യവുമുണ്ട്. യുവാക്കൾ ഇതിന്റെ ആകർഷണവലയത്തിലാണ്.

ഈ സോപ്പുകളെല്ലാം നമുക്ക് നമ്മുടെ വീടുകളിൽ കുറഞ്ഞ ചെലവിൽ കുറഞ്ഞ സമയം കൊണ്ട് ഉണ്ടാക്കാനാകും. വെറും അര മണിക്കൂർ കൊണ്ട് ശുദ്ധമായ, ഗുണമേന്മയുള്ള കുളിസോപ്പ് നമുക്ക് നമ്മുടെ വീടുകളിൽ അര മണിക്കൂർകൊണ്ട് ഉണ്ടാക്കാവുന്നതേയുള്ളൂ.

സോപ്പിനെക്കുറിച്ച് നാമെല്ലാം അത്യാവശ്യം അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങളുണ്ട്. ഒന്ന് സോപ്പിന്റെ വില ന്യായമാണോ. നാം കൊടുക്കുന്ന വിലയ്ക്കനുസരിച്ച് ഗുണമേന്മ അവയ്ക്കുണ്ടോ. ഇല്ല എന്നാണുത്തരം. സോപ്പിന് എത്രമാത്രം വിലയാകാമെന്ന് സോപ്പ് നിർമാണം വിവരിക്കുന്ന ബോക്സിൽനിന്നു നിങ്ങൾക്കു മനസിലാക്കാം. നാം ഉപയോഗിക്കുന്ന അധികം സോപ്പുകളും അനുയോജ്യമായ ഗുണനിലവാരം പുലർത്തുന്നില്ല. പലതിലും വെളിച്ചെണ്ണയ്ക്കു പകരം മൃഗക്കൊഴുപ്പാണുപയോഗിക്കുന്നത്. കുളിസോപ്പിൽ ഈ കൊഴുപ്പിന്റെ അളവ് 65% എങ്കിലും ഉണ്ടായിരിക്കണമെന്നാണ് നിയമം. നമ്മുടെ സർക്കാരിന് അതിന്റെ പ്രജകളുടെ ക്ഷേമത്തിൽ അല്പം ഉത്കണ്ഠയൊക്കെയുണ്ട്. അതിനാൽ ഉപഭോഗ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്താൻ ദേശീയതലത്തിലുള്ള ഒരു സംവിധാനം സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. അതിന്റെ പേരാണ് 'ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ്' (ബി.ഐ.എസ്.). നാം ഉപയോഗിക്കുന്ന സോപ്പ് പോലുള്ള നിത്യോപയോഗസാധനങ്ങളുടെയെല്ലാം ഗുണനിലവാരം ബി.ഐ.എസ്. ആണ് പരിശോധിക്കേണ്ടത്. അതനുസരിച്ച് കുളിസോപ്പ് ഒന്നാംകിട സോപ്പാകണമെങ്കിൽ അതിൽ 75% കൊഴുപ്പുണ്ടായിരിക്കണം. സോപ്പിലെ കൊഴുപ്പിന്റെ അളവ് അതിൽ ചേർക്കുന്ന എണ്ണയുടെ അളവിനു നേർ അനുപാതത്തിലായിരിക്കും. നാം തേയ്ക്കുന്ന പല സോപ്പുകളും മിനിമം ഗുണനിലവാരം പോലും പുലർത്തുന്നില്ല. അവ കുളിസോപ്പെന്ന ഗണത്തിൽ പെടുന്നില്ല. അലക്കുസോപ്പ് അഥവാ ബാത്തിംഗ്ബാർ എന്നാണ് അവ അറിയപ്പെടേണ്ടത്. നാമിന്നു തേച്ചു കുളിക്കുന്ന പല സോപ്പുകളും ഇത്തരം ബാത്തിംഗ് ബാറുകളാണ്. സോപ്പിൽ 70 ശതമാനം കൊഴുപ്പോ അടങ്ങിയിട്ടുള്ളുവെങ്കിൽ അതു രണ്ടാംകിട സ്ഥാനത്തിനർഹമാണെന്നാണ് ബി.ഐ.എസ്. നിർണയിച്ചിരിക്കുന്നത്. ടി.എഫ്.എം. ഇത്ര ശതമാനം എന്നു സോപ്പിന്റെ കവറിൽ എഴുതിയിരിക്കും. അതു നോക്കി നാം വാങ്ങുന്ന സോപ്പ് ഗുണനിലവാരമുള്ളതാണോ എന്നു നമുക്കറിയാൻ കഴിയും. ടി.എഫ്.എം. എന്നാൽ ടോട്ടൽ ഫാറ്റി മാറ്റർ (ആകെ കൊഴുപ്പ്) എന്നർഥം. അതിനാൽ, ഇനിയെങ്കിലും സോപ്പ് വാങ്ങുമ്പോൾ ഇക്കാര്യം ശ്രദ്ധിച്ചാൽ നല്ലത്. കഴിയുമെങ്കിൽ വീട്ടിൽ തന്നെ ശുദ്ധമായ വെളിച്ചെണ്ണയിൽ ആരോഗ്യത്തിനിണങ്ങുന്ന കുളിസോപ്പ് ഉണ്ടാക്കാവുന്നതുമാണ്.

സോപ്പ് ഉപയോഗിക്കുന്നവരെ വളരെ പ്രത്യക്ഷത്തിൽ ബാധിക്കുന്ന ചില കാര്യങ്ങളാണ് പറഞ്ഞത്. സോപ്പിനു പിന്നിൽ നാം അറിയേണ്ട വേറെയും ചില കാര്യങ്ങളുണ്ട്. സോപ്പുണ്ടാക്കുന്ന വമ്പൻ കമ്പനികളെക്കുറിച്ചുള്ളവ. അത്തരം കമ്പനികളിൽ ഏറ്റവും പ്രമുഖമായത് എച്ച്.എൽ.എൽ. എന്നറിയപ്പെടുന്ന ഹിന്ദുസ്ഥാൻ ലീവർ ലിമിറ്റഡാണ്. ടോംകോ, പി ആൻഡ് ജി തുടങ്ങി വേറെയും വമ്പന്മാരുണ്ട്. ഇവരൊന്നും നമ്മുടെ നാട്ടുകാരല്ല. വിദേശ കമ്പനികളാണ്. അവ ഇവിടെ വന്നു നമ്മുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ കൈകടത്തി, കമ്പോളം കൈയടക്കി നമ്മെ അടക്കി വാഴുന്നു. കുറച്ചുകാലം മുമ്പ് നമുക്ക് നമ്മുടെ നാട്ടുകാരുടേതായ എത്രയോ ചെറുകിട സോപ്പ് കമ്പനികളുണ്ടായിരുന്നു. ബഹുരാഷ്ട്ര കുത്തകകളുടെ വരവ് നിർബാധം അനുവദിച്ചതോടെ അവയെല്ലാം അടച്ചുപൂട്ടേണ്ടിവന്നു. ഇപ്പോഴാകട്ടെ മൂലധനം കൊണ്ട് ഇവരെ കവച്ചുവയ്ക്കാനാവശ്യമായ ശേഷിയില്ലാത്തതുകൊണ്ടു മാത്രം അടിമകളെപ്പോലെ ഇവരെ വെച്ചു പുലർത്താൻ നാം നിർബന്ധിതരായിരിക്കുന്നു. നമ്മുടെ മൗനവും അറിവില്ലായ്മയും കീഴ്പ്പെടലും ഭരിക്കുന്നവരുടെ ഇരട്ടത്താപ്പും ഇവരെ തഴച്ചുവളരാൻ അനുവദിക്കുന്ന അനുകൂല സാഹചര്യമൊരുക്കുന്നു. അതിന്റെ ഫലമായി തൊഴിലില്ലായ്മ നാടിന്റെ ശാപമായി മാറുന്നു. ആശ്രയത്വം രാജ്യത്തിന്റെ തന്നെ സ്വഭാവമായി തീരുന്നു. ജാഗ്രതയോടെയുള്ള പ്രതിരോധ– പ്രതിപ്രവർത്തനങ്ങൾ മാത്രമേ ഇതിനെല്ലാം പരിഹാരമാകൂ. നമുക്ക് അറിയാവുന്ന തൊഴിലോ നിർമാണ പ്രവർത്തനങ്ങളോ നമുക്ക് നമ്മുടെ സ്വന്തം നാട്ടിൽ സ്വന്തമായ രീതിയിൽ ചെയ്തു ജീവിക്കാനുള്ള അവകാശം നാം തിരിച്ചുപിടിക്കേണ്ടതുണ്ട്.

കേരളീയരായ നാം ഈ ബഹുരാഷ്ട്ര കുത്തകകളെ പരിപോഷിപ്പിക്കുന്നതിൽ മുൻപന്തിയിലാണ്. എച്ച്.എൽ.എൽ ഉണ്ടാക്കുന്ന സോപ്പിന്റെ 26 ശതമാനം ചെലവാകുന്നത് (ദേശീയാടിസ്ഥാനത്തിൽ) ഈ കൊച്ചുകേരളത്തിലാണ്. നമ്മുടെ ജനാധിപത്യ സർക്കാരും മോശമല്ല. ഇന്ത്യൻ മിലിറ്ററി ഉപയോഗിക്കുന്നത് എച്ച്.എൽ.എൽ. ഉത്പന്നമായ ലൈഫ്ബോയ് സോപ്പാണ്. ഈ സുഖകരമായ കാലാവസ്ഥയിൽ കുത്തക കമ്പനികളായ വമ്പന്മാർ തങ്ങൾക്കിടയിലുള്ള മത്സരങ്ങൾ നിർത്തിവെച്ച് ഒരുമിച്ചു രംഗത്തിറങ്ങി സമൃദ്ധമായ ഇന്ത്യൻ വിപണി ഒന്നടങ്കം കീഴ്പ്പെടുത്താനുള്ള ശ്രമവും തുടങ്ങിക്കഴിഞ്ഞു. ശരീരകാന്തി വർധിപ്പിക്കുന്നത്, ഔഷധഗുണമുള്ളത് എന്നെല്ലാം പറഞ്ഞാണ് സോപ്പ് നിർമ്മാതാക്കൾ അവരവരുടെ സോപ്പിലേക്ക് നമ്മുടെ ശ്രദ്ധ ആകർഷിക്കുന്നത്. സോപ്പിന്റെ ധർമ്മം അഴുക്ക് നീക്കലാണ്. മണവും നിറവും സോപ്പിൽ ചേർക്കുന്നത് അതിന്റെ ആകർഷകത്വം കൂട്ടാൻ മാത്രമാണ്. ശരീരത്തിനു പ്രത്യേകിച്ച് ഗുണമൊന്നും അതുകൊണ്ടുണ്ടാകുന്നില്ല. ഔഷധഗുണമുള്ള തുളസിയിലനീര്, ആര്യവേപ്പിലനീര് എന്നിവയെല്ലാം സോപ്പിൽ ചേർക്കാം. എന്നാൽ, അവയുടെ അളവ് പരിമിതമാണ്. അതിനാൽ അവകാശവാദമുന്നയിക്കുന്നത്ര ഔഷധവീര്യമൊന്നും സോപ്പിന് ഉണ്ടായിക്കൊള്ളണമെന്നില്ല. നാട്ടിൻപുറത്ത് ലഭ്യമായ ഇത്തരം ഇലകളും മറ്റും നേരിട്ട് ഔഷധമായി ഒരു ചെലവും കൂടാതെ നമുക്ക് ഉപയോഗിക്കാനും കഴിയും. അതിനാൽ പരസ്യങ്ങളുടെ മാന്ത്രികവലയത്തിൽ സ്വയം കുടുങ്ങുന്നത് പോക്കറ്റ് കാലിയാക്കാനേ സഹായിക്കൂ.

വീട്ടിൽത്തന്നെ സോപ്പുണ്ടാക്കാം

1. 300 ഗ്രാം ജലത്തിൽ 100 ഗ്രാം സോഡിയം ഹൈഡ്രോക്സൈഡ് ചേർക്കുക. സ്റ്റീൽ പാത്രത്തിൽ മാത്രം ചെയ്യുക– ഒന്നാം മിശ്രിതം.
2. മറ്റൊരു സ്റ്റീൽ പാത്രത്തിൽ 600 ഗ്രാം വെളിച്ചെണ്ണയെടുത്ത് അതിൽ 100 ഗ്രാം മഗ്നീഷ്യം സിലിക്കേറ്റ് ചേർത്ത് 6–7 മിനിറ്റ് ഇളക്കിച്ചേർക്കുക.– രണ്ടാം മിശ്രിതം.
3. ഒന്നാമത്തെ മിശ്രിതം രണ്ടാമത്തേതിൽ ചേർത്ത് ഇളക്കുക. ആവശ്യമായ നിറവും മണവും ചേർക്കുക. നന്നായി 4–5 മിനിറ്റ് ഇളക്കി ഒരു അച്ചിൽ ഒഴിച്ച് മുറിക്കകത്തെവിടെയെങ്കിലും വയ്ക്കുക. 24 മണിക്കൂറിനുശേഷം സോപ്പ് ലഭിക്കും.

ഇത്രയും അളവ് സാധനങ്ങളുപയോഗിച്ചാൽ 900 ഗ്രാം സോപ്പ് ലഭിക്കും. ഒരു കിണ്ണത്തിൽ പോളിത്തീൻ കവർ വെച്ച് അത് അച്ചായി ഉപയോഗിക്കാം. സോപ്പ് വെയിലത്തു വെച്ച് ഉണക്കരുത്. ഈ സോപ്പിൽനിന്ന് ഗ്ലിസറിൻ നമ്മൾ നീക്കം ചെയ്യുന്നില്ല. അതിനാൽ അത് സ്വയം ബാഷ്പീകരിച്ചുപോകാനായി സോപ്പ് 3 ദിവസം വെറുതെ വയ്ക്കുക. അതിനുശേഷം മാത്രം ഉപയോഗിക്കുക.

സ്റ്റീൽ പാത്രങ്ങൾ മാത്രമേ ഉപയോഗിക്കാവൂ.

സോഡിയം ഹൈഡ്രോക്സൈഡ് പരൽ രൂപത്തിലുള്ളതാണ്. വായുവിൽ തുറന്നു വയ്ക്കരുത്. ബാഷ്പീകരിക്കും. കൈകൊണ്ട് തൊട്ടാൽ ചൊറിയും. അതിനാൽ തൊടാതെ നോക്കണം. മഗ്നീഷ്യം സിലിക്കേറ്റ് ഒരു വെളുത്ത പൊടിയാണ്. അതിനുപകരം കടലമാവോ കളിമണ്ണോ ഉപയോഗിക്കാവുന്നതാണ്.

സാധനങ്ങളുടെ അളവ് ആനുപാതികമായി കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാം.

ഈ സാധനങ്ങൾ സോപ്പ് നിർമാണത്തിനാവശ്യമായ വസ്തുക്കൾ വില്ക്കുന്ന കടകളിൽനിന്നു ലഭിക്കും. സോപ്പിലേക്കാവശ്യമായ സാധനങ്ങളുടെ വിലവിവരം.

100 ഗ്രാം സോഡിയം ഹൈഡ്രോക്സൈഡ് = 3.50 രൂപ.
100 ഗ്രാം മഗ്നീഷ്യം സിലിക്കേറ്റ് = 1.00 രൂപ.
പെർഫ്യൂം 1/4 ബോട്ടിൽ = 7.00
(15 രൂപ മുതൽ 60 രൂപ വരെയുള്ളതുണ്ട്. മേൽപറഞ്ഞ അളവിലേക്ക് ഒരു ചെറിയ കുപ്പി പെർഫ്യൂമിന്റെ 1/4 ചേർത്താൽ മതിയാകും. നിങ്ങൾക്കിഷ്ടമുള്ള സോപ്പിന്റെ പെർഫ്യൂം വാങ്ങാൻ കിട്ടും.)
നിറം = 1.00
(5 രൂപയ്ക്ക് ഒരു ചെറിയ പാക്കറ്റ് നിറം കിട്ടും. അതിൽ ഒരല്പം ഇട്ടാൽ മതി. നിറത്തിനു പകരം മഞ്ഞൾപ്പൊടിയുമിടാം. അല്ലെങ്കിൽ ഒന്നുമിടാതെയുമിരിക്കാം.)
വെളിച്ചെണ്ണ = 30.00
ആകെ = 42.50

വെറും 42 രൂപ 50 പൈസയ്ക്ക് 100 ഗ്രാം വീതമുള്ള 9 കട്ട സോപ്പ് നിങ്ങൾക്കു ലഭിക്കും.